ടി.കെ ഉബൈദ്

ഖുർആൻ ബോധനം

# 1052

# സൂറ – 34 / സബഅ്

## സൂക്തം: 05 – 06

പരുഷപ്രകൃതനും നിഷ്ഠുരനുമായ മനുഷ്യൻ ഖുർആനിൽ ആകൃഷ്ടനായി വിശ്വസിച്ചാൽ അയാളുടെ സ്വഭാവം പാടേ മാറുന്നു. ഹൃദയം മൃദുലമാകുന്നു. അതിൽ ജ്ഞാനത്തിന്റെ വെളിച്ചം പരക്കുന്നു. ഖുർആൻ മുന്നോട്ടുവെക്കുന്ന അടിസ്ഥാന തത്ത്വങ്ങളും നീതിസാരങ്ങളും കർമ നിയമങ്ങളും ഉൾക്കൊള്ളാൻ വിശാലമാവുകയും ചെയ്യുന്നു. അതിനുള്ള ഏറ്റവും ശ്രേഷ്ഠവും പ്രസിദ്ധവുമായ ഉദാഹരണമാകുന്നു ഉമറുബ്നുൽ ഖത്ത്വാബ് (റ).

وَٱلَّذِينَ سَعَوْ فِيٓ ءَايَٰتِنَا مُعَٰجِزِينَ أُوْلَٰٓئِكَ لَهُمْ عَذَابٌ مِّن رِّجْزٍ أَلِيمٌ ﴿٥﴾

5. നമ്മുടെ സൂക്തങ്ങളെ തോൽപിക്കാൻ പ്രയത്നിച്ചവരോ, അവർക്കുള്ളത് നോവേറിയ മ്ലേഛമായ ശിക്ഷയാകുന്നു.

**5**

وَالَّذِينَ سَعَوْا = പ്രയത്നിച്ചവർ(രോ) فِي آيَاتِنَا = നമ്മുടെ സൂക്തങ്ങ(ളെ)ളിൽ

مُعَاجِزِينَ = തോൽപിക്കുന്നവരായിട്ട് (തോൽപിക്കാൻ) أُولَٰئِكَ = അവർ لَهُمْ = അവർക്കുള്ളത്

عَذَابٌ مِّن رِّجْزٍ أَلِيمٌ = നോവേറിയ മ്ലേഛ(മായ)തയാലുള്ള ശിക്ഷയാകുന്നു

സത്യധർമങ്ങൾ അംഗീകരിക്കുകയും സൽക്കർമങ്ങൾ ആചരിക്കുകയും ചെയ്തവരുടെ -الَّذِينَ آمَنُوا وَعَمِلُوا الصَّالِحَاتِ-നേർവിപരീതമാണ് الَّذِينَ سَعَوْا فِي آيَاتِنَا مُعَاجِزِينَ-നമ്മുടെ സൂക്തങ്ങളെ പരാജയപ്പെടുത്താൻ പരിശ്രമിക്കുന്നവർ. നമ്മുടെ ദൃഷ്ടാന്തങ്ങളെ തള്ളിപ്പറഞ്ഞവർ- الَّذِينَ كَذَّبُوا بِآيَاتِنَا - എന്നതിന്റെ കുറേക്കൂടി ശക്തമായ ഭാഷ്യമാണിത്. ദൈവിക സൂക്തങ്ങളെ -ഖുർആനിനെ- അവിശ്വസിക്കുന്നതുകൊണ്ട് മതിയാക്കാതെ അതിനെയും അതിന്റെ വാഹകരെയും പരാജയപ്പെടുത്താൻ പാടുപെടുന്നവരാണിവർ. ഒരു കാര്യം സത്വരമായും സവിശേഷമായും ചെയ്യുകയാണ് سَعْي. ദ്രുതഗതിയിലുള്ള നടത്തവും ഓട്ടവും سَعْي ആണ്. وَمَنْ أَرَادَ الْآخِرَةَ وَسَعَىٰ لَهَا سَعْيَهَا- പരലോകം കാംക്ഷിക്കുകയും അതു നേടാനാവശ്യമായ പ്രയത്നങ്ങളിലേർപ്പെടുകയും ചെയ്തവൻ എന്ന് 17:19-ൽ പറയുന്നുണ്ട്. ഈ വചനം ചെറിയ വ്യത്യാസത്തോടെ 22:51-ൽ വന്നിരിക്കുന്നു. أُولَٰئِكَ لَهُمْ عَذَابٌ مِّن رِّجْزٍ أَلِيمٌ എന്നതിനു പകരം അതിൽ أُولَٰئِكَ أَصْحَابُ الْجَحِيمِ(അവരത്രെ നരകാവകാശികൾ) എന്നാണ് വന്നിരിക്കുന്നത്. عَذَابٌ-നും رِّجْز-നും ശിക്ഷ എന്ന് അർഥമുണ്ട്. ദുരിതം, മാലിന്യം, പാപം തുടങ്ങിയ അർഥങ്ങളിലും رِجْز ഉപയോഗിക്കും. عَذَابٌ مِّن رِّجْزٍ أَلِيمٌ-ന്റെ ആശയം വേദനയേറിയ യാതനകളാലുള്ള ശിക്ഷ എന്നാവാം, വേദനിപ്പിക്കുന്ന മാലിന്യത്താലുള്ള ശിക്ഷ എന്നുമാവാം. ഏതർഥത്തിലെടുത്താലും സാരാംശത്തിൽ 22:10-ൽ പറഞ്ഞ أُولَٰئِكَ أَصْحَابُ الْجَحِيمِ തന്നെയാണിത്. ●

وَيَرَى ٱلَّذِينَ أُوتُواْ ٱلْعِلْمَ ٱلَّذِيٓ أُنزِلَ إِلَيْكَ مِن رَّبِّكَ هُوَ ٱلْحَقَّ وَيَهْدِيٓ إِلَىٰ صِرَٰطِ ٱلْعَزِيزِ ٱلْحَمِيدِ ﴿٦﴾

6. എന്നാൽ, നിന്റെ വിധാതാവിൽനിന്ന് നിനക്ക് അവതീർണമായത് സത്യം തന്നെയാണെന്നും, അജയ്യനും സ്തുതീയനുമായ വിധാതാവിന്റെ പാതയിലേക്ക് നയിക്കുന്നതാണെന്നും ജ്ഞാനം ലഭിച്ചവർ നല്ല വണ്ണം കാണുന്നുണ്ട്.

**6**

وَيَرَى الَّذِينَ أُوتُوا الْعِلْمَ = ജ്ഞാനം ലഭിച്ചവർ (നല്ല വണ്ണം) കാണുന്നുണ്ട്

الَّذِي أُنزِلَ إِلَيْكَ = നിനക്ക് അവതീർണമായ(ത്)തിനെ مِن رَّبِّكَ = നിന്റെ നാഥനിൽനിന്ന്

هُوَ الْحَقَّ = അത് സത്യം തന്നെയാണെന്ന് وَيَهْدِي = അത് നയിക്കുന്നു(ന്നതാണ്) എന്നും

إِلَىٰ صِرَاطِ = പാതയിലേക്ക് الْعَزِيزِ الْحَمِيدِ = സ്തുതീയനായ അജയ്യന്റെ (സ്തുതീയനും അജയ്യനുമായ വിധാതാവിന്റെ)

8-ാം സൂക്തം ഈ ഖുർആൻ മുഹമ്മദ് കെട്ടിച്ചമച്ച കള്ളമാണ്, അല്ലെങ്കിൽ അയാളുടെ ഭ്രാന്ത ജൽപനങ്ങളാണ് എന്ന അവിശ്വാസികളുടെ ആരോപണം ഉദ്ധരിക്കുന്നുണ്ട്. അതിനുള്ള മറുപടിയാണിത്. 5-ാം സൂക്തം ദൈവിക സൂക്തങ്ങളെ പരാജയപ്പെടുത്താൻ പ്രയത്നിക്കുന്ന അവിശ്വാസികളെക്കുറിച്ച് പറയുന്നു. ആ പ്രചാരണത്തിന്റെ ഭാഗമാണ് പ്രവാചകനെ കള്ളനെന്നും ഭ്രാന്തനെന്നും ആരോപിക്കുന്നത്. ആക്ഷേപങ്ങളും ആരോപണങ്ങളും പ്രചരിപ്പിച്ച് ഖുർആനിനെ തോൽപിക്കാൻ നോക്കുന്നവരുടേതിനു വിപരീതമാണ് ജ്ഞാനികളുടെ നിലപാടെന്നു വ്യക്തമാക്കുകയാണിവിടെ. يعلم (അറിയുന്നു) എന്നതിനു പകരമായിട്ടാണ് يرى (കാണുന്നു) എന്നു പറഞ്ഞിരിക്കുന്നത്. علم-നേക്കാൾ അർഥപുഷ്ടമാണ് رأى- കാഴ്ച. ആലോചനയിലൂടെയും അനുമാനത്തിലൂടെയും കേൾവിയിലൂടെയും അറിവുണ്ടാകാം. അതിനേക്കാൾ ശക്തവും അസന്ദിഗ്ധവുമാണ് കണ്ടറിവ്. الَّذِينَ أُوتُوا الْعِلْمَ കൊണ്ട് ഉദ്ദേശിക്കുന്നത് വിശുദ്ധ ഖുർആനിനെ നിഷ്പക്ഷമായ സത്യാന്വേഷണ തൃഷ്ണയോടെ സമീപിച്ച് അതിൽനിന്ന് ഈമാനും ഉൾക്കാഴ്ചയും സന്മാർഗവും ലഭിച്ചവരാണെന്ന് ഒരു വിഭാഗം പണ്ഡിതന്മാർ വ്യാഖ്യാനിച്ചിരിക്കുന്നു. ഈ വചനങ്ങൾ അവതീർണമായത് ലോക രക്ഷിതാവിങ്കൽനിന്നാണെന്നും സ്തുതീയനും സർവപ്രതാപിയുമായ അല്ലാഹുവിന്റെ പാതയിലേക്കാണത് നയിക്കുന്നതെന്നും അവർ അസന്ദിഗ്ധമായി കണ്ടറിഞ്ഞു മനസ്സിലാക്കുന്നു. അത് പറയുന്നതെല്ലാം തികഞ്ഞ സത്യങ്ങളാണ്. ഉപദേശിക്കുന്നതെല്ലാം നീതിയും ധർമവുമാണ്. ആ സത്യജ്ഞാനവും ധർമ ചോദനയും അവരുടെ മനസ്സുകളെ പ്രകാശപൂരിതമാക്കുന്നു, വാക്കുകളെയും കർമങ്ങളെയും സംസ്കരിക്കുന്നു. പരുഷപ്രകൃതനും നിഷ്ഠുരനുമായ മനുഷ്യൻ ഖുർആനിൽ ആകൃഷ്ടനായി വിശ്വസിച്ചാൽ അയാളുടെ സ്വഭാവം പാടേ മാറുന്നു. ഹൃദയം മൃദുലമാകുന്നു. അതിൽ ജ്ഞാനത്തിന്റെ വെളിച്ചം പരക്കുന്നു. ഖുർആൻ മുന്നോട്ടുവെക്കുന്ന അടിസ്ഥാന തത്ത്വങ്ങളും നീതിസാരങ്ങളും കർമ നിയമങ്ങളും ഉൾക്കൊള്ളാൻ വിശാലമാവുകയും ചെയ്യുന്നു. അതിനുള്ള ഏറ്റവും ശ്രേഷ്ഠവും പ്രസിദ്ധവുമായ ഉദാഹരണമാകുന്നു ഉമറുബ്നുൽ ഖത്ത്വാബ് (റ). അദ്ദേഹത്തിന്റെ ജാഹിലിയ്യത്തിലെ സ്വഭാവവും ഇസ്ലാമിൽ വന്ന ശേഷമുണ്ടായ സ്വഭാവവും തമ്മിൽ നോക്കെത്താ ദൂരമാണുള്ളത്; കവി അബൂ ഖറാശിൽ ഹുദലി അതിനെപ്പറ്റി പാടി:

وَعَادَالْفَتَى كَالْكَهْلِ لَيْسَ بِقَائِلٍ     سِوى الْعَدْلِ شَيْئًا فَاسْتَرَاحَ الْعَوَاذِلُ

(ആ യുവാവ് പെട്ടെന്ന് പക്വമതിയായ മധ്യവയസ്കനായി. നീതിയല്ലാതൊന്നും പറയില്ല. തന്മൂലം ആക്ഷേപകരൊക്കെയും വിശ്രമത്തിലായി). ഖുർആൻ ഉൾക്കൊള്ളുന്നതിലൂടെ വിശ്വാസികളുടെ സ്വത്വത്തിലുണ്ടായ ഈ വിപ്ലവമാണ് അവരെ ജേതാക്കളും നേതാക്കളും പുതിയൊരു ലോകത്തിന്റെ നിർമാതാക്കളും സത്യത്തിന്റെയും ധർമത്തിന്റെയും മാതൃകകളും അറിവിന്റെയും സംസ്കാരത്തിന്റെയും വാഹകരുമാക്കിയത്. وَيَهْدِي........ الْحَمِيدِ എന്ന വാക്യം അത് സൂചിപ്പിക്കുന്നുണ്ട്. മാർഗദർശനത്തെ സത്യത്തോട് സമാസിച്ചുകൊണ്ട് هُوَ الْحَقَّ وَالهدى എന്നു പറയാതെ وَيَهْدِي എന്ന് വർത്തമാന ക്രിയയായി പറഞ്ഞത്, ഖുർആനിക മാർഗദർശനം അതന്വേഷിക്കുന്നവർക്ക് എക്കാലത്തും ലഭിച്ചുകൊണ്ടിരിക്കുമെന്ന് ധ്വനിപ്പിക്കുന്നു. ഖുർആൻ കാണിച്ചുതരുന്ന പാതയെ അല്ലാഹുവിന്റെ الْعَزِيزِ-സർവ പ്രതാപി, അജയ്യൻ الْحَمِيدِ-സർവസ്തുതിക്കും അർഹൻ എന്നീ ഗുണങ്ങളിലേക്ക് ചേർത്തു പറഞ്ഞതിലും സവിശേഷമായ സൂചനയുണ്ട്. സത്യവിശ്വാസികൾ ഖുർആൻ ആത്യന്തിക സത്യവും സന്മാർഗദർശനവുമാണെന്ന് വിശ്വസിക്കുന്നുവെങ്കിൽ ആ വിശ്വാസം തങ്ങൾ അന്തസ്സിന്റെയും വിജ്ഞാനത്തിന്റെയും പാതയിലാണെന്ന് അവർക്ക് ഉറപ്പു നൽകും. وَلِلَّهِ الْعِزَّةُ وَلِرَسُولِهِ وَلِلْمُؤْمِنِينَ - പ്രതാപം അല്ലാഹുവിനും അവന്റെ ദൂതന്നും സത്യവിശ്വാസികൾക്കുമുള്ളതാകുന്നു (63:8) എന്നാണല്ലോ. ഒപ്പം ഖുർആൻ അനുശാസിക്കുന്ന സ്വഭാവചര്യകൾ സ്വായത്തമാക്കുകയും നൈതിക-ധാർമിക തത്ത്വങ്ങളും നിയമങ്ങളും നടപ്പിലാക്കുകയും ചെയ്യുന്നതിലൂടെ തങ്ങൾക്ക് ജനത്തിന്റെ മതിപ്പും പ്രശംസയും നേടുകയും ചെയ്യാം.

ചില വ്യാഖ്യാതാക്കൾ الَّذِينَ أُوتُوا الْعِلْمَ -ജ്ഞാനം ലഭിച്ചവർ- എന്നതുകൊണ്ട് ഉദ്ദേശ്യം പൂർവ വേദങ്ങളിൽ വിശ്വസിക്കുകയും അതിലെ പ്രമാണങ്ങളെ യഥാവിധി മനസ്സിലാക്കുകയും ചെയ്യുന്നവർ, അഥവാ യഹൂദ-ക്രൈസ്തവ പണ്ഡിതന്മാർ ആണ് എന്ന് അഭിപ്രായപ്പെട്ടിരിക്കുന്നു. നിഷ്കളങ്കരായ യഹൂദ-ക്രൈസ്തവ വേദവിദ്വാന്മാരെക്കുറിച്ച് പറയുന്ന 5:83 സൂക്തമാണവർ അതിനാധാരമാക്കുന്നത്.

وَإِذَا سَمِعُوا مَا أُنزِلَ إِلَى الرَّسُولِ تَرَىٰ أَعْيُنَهُمْ تَفِيضُ مِنَ الدَّمْعِ مِمَّا عَرَفُوا مِنَ الْحَقِّ ۖ يَقُولُونَ رَبَّنَا آمَنَّا فَاكْتُبْنَا مَعَ الشَّاهِدِينَ ﴿٨٣﴾

(ഈ ദൈവദൂതന് അവതീർണമായ വേദസൂക്തങ്ങൾ കേൾക്കുമ്പോൾ സത്യബോധത്താൽ അവരുടെ നയനങ്ങൾ നിറഞ്ഞൊഴുകുന്നത് നിനക്കു കാണാം. അവർ പ്രാർഥിച്ചുപോകുന്നു: നാഥാ, ഈ സത്യത്തിൽ ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. ഞങ്ങളെ നീ സത്യസാക്ഷികളുടെ ഗണത്തിൽ രേഖപ്പെടുത്തേണമേ!). ഈ സൂക്തം അവതരിച്ചത് മദീനയിലാണ്. വേദക്കാർ മുസ്ലിംകളോടൊപ്പം വസിച്ചിരുന്നതും വിവിധ ദിക്കുകളിൽ നിന്ന് വേദപണ്ഡിതന്മാർ പ്രവാചകനെ സന്ദർശിച്ചിരുന്നതും മദീനയിലായിരുന്നു. സൂറ *സബഅ്* അവതരിക്കുന്നത് മക്കയിലാണ്. അവിടെ മുസ്ലിംകൾക്ക് വേദക്കാരുമായി കാര്യമായ സമ്പർക്കമുണ്ടായിരുന്നില്ല. الَّذِينَ أُوتُوا الْعِلْمَ പൊതുവിൽ എല്ലാ സത്യജ്ഞാനികളെയും ഉൾക്കൊള്ളുന്നു എന്നു കുരുതുന്നതാണ് കൂടുതൽ ഉചിതം. അതിന്റെ വിവക്ഷയെ ഏതെങ്കിലും പ്രത്യേക വിഭാഗത്തിൽ പരിമതപ്പെടുത്തേണ്ടതില്ല. ഖുർആനിൽ വിശ്വസിക്കുന്നവരെയും ഇതര വേദങ്ങളിൽ വിശ്വസിച്ചവരെയും മറ്റു വിധത്തിൽ ആത്മീയ ജ്ഞാനമാർജിച്ചവരെയുമെല്ലാം അതുൾക്കൊള്ളുന്നു. ഖുർആനിന്റെ ഭാഷയിൽ യഥാർഥ ജ്ഞാനികൾ ദൈവബോധവും പരലോകബോധവുമുള്ളവരാണ്. അതില്ലെങ്കിൽ മറ്റു വിജ്ഞാനീയങ്ങൾ എത്രയേറെ ആർജിച്ചിട്ടുണ്ടെങ്കിലും ഖുർആന്റെ ദൃഷ്ടിയിൽ അവർ അജ്ഞരാകുന്നു. ദൈവബോധവും പരലോകബോധവുമുള്ള ജ്ഞാനികളെക്കുറിച്ച് 35:28-ൽ إِنَّمَا يَخْشَى اللَّهَ مِنْ عِبَادِهِ الْعُلَمَاءُ -ജ്ഞാനികളായ അടിയാറുകൾ മാത്രമേ അല്ലാഹുവിനെ ഭയപ്പെടുകയുള്ളൂ- എന്നു പ്രസ്താവിച്ചിരിക്കുന്നു. ●

**തിരുത്ത്**

*പ്രബോധനം* ലക്കം 3138, *ഖുർആൻബോധനം* 1050, സൂറ *സബഅ്* ആമുഖത്തിൽ 'മുസ്ഹഫിൽ 24-ാമതായിട്ടാണ്' എന്നത്, 34-ാമതായിട്ടാണ് എന്ന് തിരുത്തി വായിക്കുക.